(ബി) ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്കും ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കത്തയയ്ക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം കേന്ദ്ര പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന എം.പി.-മാരുടെ സമ്മേളനത്തിൽ വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

(സി) ആദായ നികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജ്

100 (†2338) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജ് ഇതുവരെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാകാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. എഫ്.എ.സി.ടി.-യുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യംവച്ചുകൊണ്ട് എഫ്.എ.സി.ടി. സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BRPSE) ശിപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയും വേഗം എഫ്.എ.സി.ടി.-ക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പുമന്ത്രിക്ക് കത്തയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതു കൂടാതെ എൽ.എൻ.ജി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി എഫ്.എ.സി.ടി. വാങ്ങുന്ന എൽ.എൻ.ജി.-ക്ക് KVAT ഒഴിവാക്കി നൽകുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly